ഡിസംബർ 2025 | വാല്യം 17 | ലക്കം 12

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2955604
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

Activate
Go to Setting

## സ്നേഹ സ്മരണയ്ക്ക് 30.12.2025

15-ാം ചരമവാർഷികം



**ജോസഫ് പി.ജെ**

**കുരിശുംമൂട്ടിൽ**

## സ്നേഹ സ്മരണയ്ക്ക് 18.12.2025

49-ാം ചരമവാർഷികം



**റോസി മാത്യു**

**പരവര**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com

ഡിസംബർ 2025 വാല്യം – 17, ലക്കം –12





## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349
email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**6** മാതാവ് സഹരക്ഷകയല്ല – തിരുത്തപ്പെടാത്ത കത്തോലിക്കാ പ്രബോധനം

**10** വിശുദ്ധരുടെ പാതയിലൂടെ

**13** ബൈബിൾ ക്വിസ്

**15** വാർഡ് വാർത്തകൾ

**19** ദേവാലയ വായനകൾ

**23** വിശുദ്ധ ഗ്രന്ഥ വായനകൾ


കവർ പേജ് :
**ക്രിസ്മസ്**

# വികാരിയച്ചന്റെ സന്ദേശം



## *ക്രിസ്മസിനായി ഒരുങ്ങാം*

പുതിയൊരു ആരാധനക്രമ വർഷം ആരംഭിക്കുന്നു. രക്ഷകന്റെ വരവിനായി ഒരുങ്ങുന്ന കാലമായതിനാൽ 'ആഗമന കാലം' എന്നാണ് ഈ കാലം ലത്തീൻ ക്രമത്തിൽ അറിയപ്പെടുന്നത്. രക്ഷകന്റെ വരവ് സന്തോഷം നൽകുന്ന സദ് വാർത്ത ആയതിനാൽ സീറോ മലബാർ ക്രമത്തിൽ അതിനെ 'മംഗല വാർത്തക്കാലം' എന്ന് വിളിക്കുന്നു. രക്ഷകന്റെ വരവിന് ഒരുങ്ങാൻ വേണ്ടി ഉപവാസവും പ്രാർത്ഥനയും വഴി നോമ്പാചരിക്കുന്നതിനാൽ 'ഇരുത്തിയഞ്ചുനോമ്പ്' എന്നും ഈ കാലഘട്ടം അറിയപ്പെടുന്നു.

മംഗല വാർത്തക്കാലം കാത്തിരിപ്പിന്റെ കാലമാണ്. പൂർവ്വ പിതാക്കന്മാർ പ്രത്യാശയോടെ കാത്തിരുന്നതിന്റെ ഫലം നമുക്ക് അനുഭവവേദ്യമാക്കിത്തരുന്ന കാലഘട്ടമാണിത്. രക്ഷകന്റെ വരവിനായ് രക്ഷകൻ ഹൃദയത്തിലും ജീവിതത്തിലും അവതരിക്കാൻ ഒരുക്കത്തോടെ കാത്തിരിക്കുന്ന കാലം. വി. ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായം 5 മുതൽ 25 വരെയുള്ള വാകൃങ്ങളിൽ തമ്പുരാന്റെ വരവിനും ഇടപെടലിനുമായി നാം എപ്രകാരം കാത്തിരിക്കണം എന്ന് നമ്മെ പഠിപ്പിക്കുന്നുണ്ട്.

**1.**"തന്റെ അജഗണത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ക്രമമനുസരിച്ച് ദൈവ സന്നിധിയിൽ ശുശ്രൂഷ നടത്തി വരവേ... കർത്താവിന്റെ ദൂതൻ ധൂപ പീഠത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നതായി അവനു പ്രത്യക്ഷപ്പെട്ടു" (വാകൃങ്ങൾ 8-11).

മിശിഹായെ പ്രതീക്ഷിച്ചു കൊണ്ടിരുന്ന ജനത്തിനു വേണ്ടിയാണ് പുരോഹിതനായ സഖറിയ ബലിയർപ്പിച്ചിരുന്നത്. ഒരുക്കത്തോടെ പ്രാർത്ഥനയോടെ കാത്തിരിക്കാൻ സഖറിയായും എലിസബത്തും നമ്മെ പഠിപ്പിക്കുന്നു. അവരുടെ പേരുകളുടെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ "ദൈവം ഓർക്കുന്ന" (സഖറിയ) "ദൈവം ശപഥം ചെയ്തു" (എലിസബത്ത്) ഇക്കാര്യം വീണ്ടും നമ്മെ പഠിപ്പിക്കുകയാണ്. ദൈവത്തെ ഓർക്കലാണ് പ്രാർത്ഥന. ദൈവത്തിന്റെ ശപഥങ്ങളെ/കല്പനകളെ ധ്യാനിച്ച് ജീവിതത്തിൽ ശക്തി സംഭരിക്കുന്ന വേദിയാണ് പ്രാർത്ഥനയുടെ അവസരം.

**2.** ദൂതൻ അവരോട് പറഞ്ഞു. "സഖറിയാ ഭയപ്പെടേണ്ട. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും" (വാകൃം:13)

നിരന്തരമായ പ്രാർത്ഥനയും പ്രത്യാശയോടെയുള്ള കാത്തിരിപ്പും ദൈവത്തിന് തങ്ങളുടെ ജീവിതത്തിൽ ഇടപെടാനുള്ള സമയമാക്കി മാറ്റിയവരാണ് ഈ ദമ്പതികൾ. അതിന്റെ ഉത്തമ ഉദാഹരണമാണ് സഖറിയ. ദൈവത്തിന്റെ ആലയത്തിൽ വച്ച് ദൈവിക സന്ദേശം സ്വീകരിക്കുന്നത് നാം ദൈവസന്നിധിയിൽ അർപ്പിക്കുന്ന പ്രാർത്ഥനകൾ ഒരിക്കലും ഫലം ചൂടാതെ പോകയില്ല എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ യാചനകൾക്കു കാലവിളംബം വരുമ്പോഴും പ്രത്യാശയോടെ ദൈവസന്നിധിയിൽ പ്രാർത്ഥനകളുടെ പരിമള ധൂപം ഉയർത്താൻ നമുക്കാകണം. നമ്മുടെ വിശുദ്ധമായ ജീവിതവും നിരന്തരമായ പ്രാർത്ഥനകളും ജീവകാരുണ്യ പ്രവർത്തനങ്ങളും സ്വർഗ്ഗത്തിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് വിശ്വസിക്കാനും, ദൈവം അവ ഓർക്കുന്നുണ്ട് എന്ന് പ്രത്യാശയോടെ മനസ്സിലാക്കാനും ഈ ദമ്പതികളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**3.** അവർ ദൈവത്തിന്റെ മുൻപിൽ നീതി നിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. (വാക്യം:6)

നമ്മുടെ വ്യക്തിജീവിതത്തെക്കുറിച്ചും കുടുംബ ജീവിതത്തെ പൊതുവായും മനസ്സിലാക്കിയതിനുശേഷം ആരെങ്കിലും സാക്ഷ്യപ്പെടുത്തുമോ നാം കുറ്റമറ്റവിധം ജീവിക്കുന്നവരാണ് എന്ന് ? ആർക്കും കുറ്റം കണ്ടെത്താൻ കഴിയാത്തവിധം കുടുംബജീവിതം നയിക്കാൻ സാധ്യമാകും എന്ന് നമ്മെ സഖറിയായും എലിസബത്തും പഠിപ്പിക്കുകയാണ്. കുറ്റമറ്റ ഒരു ജീവിതം നയിക്കുന്നതിനുവേണ്ടിയാണ് നമ്മെ ഈ ലോകത്തിൽ ദൈവം നിയോഗിച്ചിരിക്കുന്നത്.

ഇങ്ങനെ ജീവിക്കുന്നവരുടെ ജീവിതം മുഴുവൻ സന്തോഷമായിരിക്കുമെന്ന് നാം ചിന്തിക്കേണ്ടതില്ല. എന്നാൽ ദൈവം അവരുടെ ജീവിതത്തിൽ ഇടപെട്ട് നൽകുന്ന സന്തോഷം ഒരിക്കലും ഇല്ലാതാവുകയില്ല. ചെറിയ രീതിയിൽ ആത്മീയതയിൽ ജീവിക്കുന്ന പലരുടെയും പരാതിയാണ് ഞാൻ ദൈവത്തോടും സഭയോടും കൂദാശ ജീവിതത്തോടും ചേർന്ന് നിന്നിട്ടും എനിക്ക് ജീവിതത്തിൽ ദുരന്തങ്ങളും കഷ്ടപ്പാടുകളും വേദനകളും ഉണ്ടാകുന്നു. അങ്ങനെ ചിന്തിക്കുന്നവർക്കുള്ള ഉത്തരമാണ് ഈ വചനഭാഗം. നമ്മുടെ പ്രാർത്ഥനകൾക്ക്, ദൈവത്തിന്റെ മുമ്പിലുള്ള നമ്മുടെ ശുശ്രൂഷകൾക്ക് ഉത്തരം ലഭിക്കുക തന്നെ ചെയ്യുമെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ അത് നാം ആഗ്രഹിക്കുന്ന സമയത്തും സാഹചര്യത്തിലും രീതിയിലും ആയിരിക്കണമെന്ന് നിർബന്ധമില്ല.

ധൂപാർപ്പണ സമയത്ത് തന്റെ മുമ്പിലെത്തിയ ദൈവദൂതനെക്കണ്ട് പകച്ചു നിൽക്കുന്ന സഖറിയായോട് ദൈവദൂതൻ സംസാരിച്ചു തുടങ്ങുന്ന വചനം വളരെ ശ്രദ്ധേയമാണ്. "ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടു" എന്ന വചനത്തോടുകൂടിയാണ് ദൈവദൂതൻ സഖറിയായോട് സംസാരിച്ചു തുടങ്ങുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ തന്നെ ഏറ്റവും അധികം തവണ (365 പ്രാവശ്യം) ഉപയോഗിച്ചിരിക്കുന്ന വാക്കാണ് ഭയപ്പെടേണ്ട എന്ന വാക്ക്. എല്ലാ ദിവസവും ഭയം കൂടാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് മുൻപോട്ടു പോകാൻ നമ്മെ സഹായിക്കുന്നു. ഇന്നത്തെ ജനത്തോട് നമ്മുടെ വ്യക്തിപരമായ ജീവിതത്തോട് ദൈവത്തിന് പറയാനുള്ളത് ഇതേ കാര്യം തന്നെയാണ്. ഈ കാലഘട്ടത്തിൽ നിസ്സാര കാര്യങ്ങൾക്കു പോലും നാം ഭയപ്പെടുന്നവരാണ്. തമ്മിൽ തമ്മിൽ ഭയപ്പെടുന്നവർ പ്രകൃതിയെ ഭയപ്പെടുന്നവർ രോഗത്തെ ഭയപ്പെടുന്നവർ ഇങ്ങനെ ഭയപ്പാടിന്റെ മേഖലകൾ വലുതാണ്. ദൈവം നമ്മോട് പറയുന്നത് ഭയപ്പെടരുത് എന്നാണ്. അടുത്തകാര്യം നിന്റെ പ്രാർത്ഥന കേട്ടു. നാം ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കും. നമുക്ക് ഉത്തരം നൽകും. അതിനാൽ പ്രത്യാശാപൂർവ്വം ദൈവത്തിൽ ആശ്രയിക്കാൻ നമുക്ക് പരിശ്രമിക്കാം.

സഖറിയാ എലിസബത്ത് ദമ്പതികളുടെ ജീവിതമാതൃക പിന്തുടർന്നു കൊണ്ട് മിശിഹായുടെ പിറവിത്തിരുനാളിന് നാം എങ്ങനെ ഒരുങ്ങണം എന്ന് മംഗല വാർത്തക്കാലത്തിലെ പ്രാർത്ഥനകളിലൂടെ നമ്മെ പഠിപ്പിക്കുന്നു. തികഞ്ഞ പ്രത്യാശയോടെ ഒരുങ്ങണം. തമ്പുരാന് പ്രിയങ്കരമായവ ചെയ്തുകൊണ്ടു ത്യാഗപൂർണ്ണമായ ജീവിതംകൊണ്ടും ഹൃദയങ്ങളിൽ മിശിഹാക്ക് വഴിയൊരുക്കണം. നന്മയെ മുറുകെ പിടിച്ച് തിന്മയിൽ നിന്ന് ഓടിയകലണം. ദൈവമക്കളായി ജീവിച്ച് നന്മയിലും നീതിയിലും സത്യത്തിലും വ്യാപരിക്കണം.

മംഗല വാർത്താക്കാലം പ്രാർത്ഥനയിലും സുകൃതജീവിതത്തിലും അധിഷ്ഠിതമായ ജീവിതം വഴി ഉണ്ണി ഈശോയെ നമ്മുടെ ഹൃദയങ്ങളിലും സമൂഹത്തിലും വരവേല്ക്കാൻ നമുക്ക് ഒരുങ്ങാം.

ആഗതമാകുന്ന ക്രിസ്മസ്സിന്റെ ആശംസകളും ദൈവകൃപയും എല്ലാവർക്കും നേരുന്നതിനോടൊപ്പം ഐശ്വര്യപൂർണ്ണമായ നവവത്സര ആശംസകളും

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# 'മാതാവ് സഹരക്ഷകയല്ല!' തിരുത്തപ്പെടാത്ത കത്തോലിക്കാ പ്രബോധനം

റവ. ഡോ. അരുൺ കലമറ്റത്തിൽ

**ഒരുകാലത്തും മറിയം സഹരക്ഷകയാണെന്ന് കത്തോലിക്കാ സഭ പഠിപ്പിച്ചിട്ടില്ല എന്നു മാത്രമല്ല അവൾ സഹരക്ഷകയായി കരുതപ്പെടരുതെന്നത് അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടുതാനും.**

പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചുള്ള കത്തോലിക്കാ പ്രബോധനം വീണ്ടും ചർച്ചയാവുകയാണ്. മാതാവിനെക്കുറിച്ചുള്ള നിലപാടുകളിൽനിന്ന് സഭ പിന്നോട്ടു പോകുകയാണോ, മാതാവിനെക്കുറിച്ചുള്ള വിഷയങ്ങളിൽ സഭ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുന്നുണ്ടോ എന്നിങ്ങനെ പല ചോദ്യങ്ങളാണ് ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാവുന്ന വിധത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. വിശ്വാസപ്രബോധനങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ ഏറ്റവും പുതിയ 'ഡോക്ട്രൈനൽ നോട്ട് '(പ്രബോധന രേഖ) ആണ് ഈ ചർച്ചകൾക്ക് ആധാരം.

**ആശങ്കകൾ**

വിശ്വാസകാര്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ച 'വിശ്വാസികളുടെ മാതാവ്' എന്ന് പരിഭാഷപ്പെടുത്താവുന്ന Mater Populi fidelis എന്ന പ്രബോധനം വഴി പരിശുദ്ധ കന്യകമറിയത്തെ സഹരക്ഷക (co-redemptrix), കൃപാവരത്തിന്റെ മാതാവ് (Mother of all Grace), മധ്യസ്ഥ (Mediatrix) എന്നീ വിശേഷണങ്ങളോടെ അവതരിപ്പിക്കുന്നത് ഉചിതമല്ല എന്ന് പ്രഖ്യാപിച്ചു. പരിശുദ്ധ കന്യകമറിയത്തിന് വലിയ പ്രാധാന്യം നൽകുന്ന കത്തോലിക്കാസഭ എന്തുകൊണ്ടാണ് ഇങ്ങനെയൊരു പരസ്യനിർദേശം നൽകിയതെന്ന ചോദ്യം ചിലരെയെങ്കിലും സ്വാഭാവികമായും ആശങ്കപ്പെടുത്താവുന്നതാണ്. കത്തോലിക്കാ സഭ ഇനി മേലിൽ മാതാവിന്റെ മാധ്യസ്ഥ്യം തേടുകയോ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയോട് അവളെ ബന്ധപ്പെടുത്തുകയോ അവളുടെ കൃപാവര പൂർണതയെ അംഗീകരിക്കുകയോ ചെയ്യുകയില്ലേ എന്നും സംശയിക്കപ്പെടാൻ ഇടയുണ്ട്.

**യാഥാർഥ്യം**

ഒന്നാമതായി, കത്തോലിക്കാസഭ ഒരിക്കലും പരിശുദ്ധ കന്യകമറിയത്തെ സഹരക്ഷകയായി പഠിപ്പിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല എന്നതാണ് യാഥാർഥ്യം. എന്നാൽ, ചരിത്രത്തിൽ ചിലരെങ്കിലും മാതാവ് സഹരക്ഷകയാണ് എന്ന് കരുതിയിട്ടുണ്ടുതാനും. ഉദാഹരണത്തിന്, വിശുദ്ധ ബർണാഡിന്റെ കുരിശിൻ ചുവട്ടിലെ മറിയത്തെക്കുറിച്ചുള്ള പത്താം നൂറ്റാണ്ടിലെ പ്രഭാഷണങ്ങൾ പിന്നീട് സഹരക്ഷക എന്ന് പലരും മറിയത്തെ വിളിക്കാൻ ഇടയാക്കിയിട്ടുണ്ട്. സാൽസ്ബുർഗിൽ നിന്നുള്ള പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു ഗാനമാണ് മറിയത്തെ ആദ്യമായി സഹരക്ഷക എന്നു വിളിച്ചത്. തുടർന്ന് പലരും അത് സഭയുടെ പ്രബോധനമാണെന്ന് തെറ്റിദ്ധരിക്കുകയും മാതാവിനെ സഹരക്ഷകയായി വാഴ്ത്തുകയും ചെയ്തു.

ചില ഭക്ത സംഘടനകളും സമൂഹങ്ങളും പരിശുദ്ധ പിതാവിനോട് മറിയത്തെ സഹരക്ഷകയായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ചില മാർപ്പാപ്പമാർ എങ്കിലും ഔദ്യോഗിക പ്രബോധനത്തിന്റെ ഭാഗമല്ലാതെ, വ്യത്യസ്തമായ ഒരർത്ഥത്തിൽ മറിയത്തെ "സഹരക്ഷക" എന്ന വിധത്തിൽ പരാമർശിച്ചിട്ടുണ്ട് എന്നതും യാഥാർത്ഥ്യമാണ്. എന്നാൽ , ഒരു കാലത്തും മറിയം സഹരക്ഷകയാണെന്ന് കത്തോലിക്കാ സഭ പഠിപ്പിച്ചിട്ടില്ല എന്നു മാത്രമല്ല, അവൾ സഹരക്ഷകയായി കരുതപ്പെടരുതെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടുതാനും. വിശ്വാസ തിരുസംഘത്തിന്റെ പ്രീഫക്ട് ആയിരുന്ന കർദിനാൾ റാറ്റ്സിംഗർ മറിയത്തെ സഹരക്ഷകയായോ കൃപാവരങ്ങളുടെ മധ്യസ്ഥയായോ അംഗീകരിക്കാൻ ആവില്ലെന്ന് 1996ൽ വ്യക്തമായി പ്രഖ്യാപിച്ചു. അതൊരു വിശ്വാസസത്യമായി നിർവചിക്കണം എന്ന അപേക്ഷയെ നിരാകരിച്ചുകൊണ്ടായിരുന്നു ഈ പ്രഖ്യാപനം.

പിന്നീട് ഫ്രാൻസിസ് പാപ്പാ തന്റെ പ്രഭാഷണങ്ങളിൽ പലതവണ ഇക്കാര്യം ആവർത്തിച്ചിട്ടുണ്ട്. "സ്നേഹം വർധിക്കുമ്പോൾ നാം ഉപയോഗിക്കുന്ന വാക്കുകൾ അതിശയോക്തി കലർന്നതായിത്തീരാൻ ഇടയുണ്ട്" എന്ന് പാപ്പാ സരസമായി ഓർമിപ്പിച്ചിരുന്നു. നിഷ്കളങ്കമായ മരിയൻ സ്നേഹത്തിന്റെ തീവ്രവും എന്നാൽ അതിശയോക്തിപരവുമായ പരാമർശങ്ങളാണ് ഇവയൊക്കെ എന്നാണ് പാപ്പാ പറഞ്ഞത്. പക്ഷേ നാം അത്തരം പരാമർശങ്ങൾ ഒഴിവാക്കേണ്ടതുണ്ടെന്നും പാപ്പാ കൂട്ടിച്ചേർത്തിരുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് ഇപ്പോൾ വിശ്വാസപ്രബോധനത്തിന്റെ കാര്യാലയം വഴി ഇത്തരം പരാമർശങ്ങൾ ഉചിതമല്ല എന്നും ഒഴിവാക്കപ്പെടണം എന്നും തിരുസഭ ഔദ്യോഗികമായി ആവർത്തിച്ച് പ്രഖ്യാപിച്ചിരിക്കുന്നത്.

**വിശ്വാസജീവിതത്തിന്റെ വിവേകവും സൂക്ഷ്മതയും**

മനുഷ്യാവതാരം ചെയ്ത പൂർണ ദൈവവും പൂർണ മനുഷ്യനുമായ മിശിഹായിൽ നിന്ന് തീർത്തും വിഭിന്നമായി പരിപൂർണമായി മനുഷ്യ വ്യക്തി മാത്രമാണ് പരിശുദ്ധ കന്യകമറിയം എന്ന ഓർമയും ബോധ്യവും എപ്പോഴും നിലനിർത്തുന്ന വിധത്തിലാണ് സഭാ ജീവിതവും അജപാലന ശുശ്രൂഷയും ക്രമീകരിക്കപ്പെടേണ്ടത്. മാതാവിൽ ഏതെങ്കിലും തരത്തിലുള്ള ദൈവ ത്വം ആരോപിക്കുന്നതും അങ്ങനെ തെറ്റിദ്ധരി പ്പിക്കപ്പെടാവുന്ന വിധത്തിലുള്ള ആചാരാനു ഷ്ഠാനങ്ങൾ പിന്തുടരുന്നതും സൂക്ഷ്മതയോടെ ഒഴിവാക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രം ഈശോമിശിഹാ മാത്രമാണ് എന്നു നിരന്തരം ഓർമിപ്പിക്കപ്പെടേണ്ടതുണ്ട്. പ്രാർഥനകളിലും പ്രഘോഷണങ്ങളിലും ആഘോഷങ്ങളിലും തിരുനാളുകളിലുമൊക്കെ ഈശോമിശിഹായുടെ പ്രാമുഖ്യം വിവേകത്തോടെ പ്രകടമാക്കണം എന്നുതന്നെയാണ് മറിയംതന്നെയും ആഗ്രഹിക്കുന്നത് എന്ന് തിരു സഭയ്ക്ക് നല്ല ബോധ്യമുണ്ട്.

**സഭയിൽ മറിയത്തിന്റെ സ്ഥാനമെന്ത്?**

അങ്ങനെയെങ്കിൽ മറിയത്തിന് ഈ രക്ഷാകർമത്തിൽ പങ്കാളിത്തം ഒന്നുമില്ലേ? തീർച്ചയായും ഉണ്ട് എന്നുതന്നെയാണ് തിരുസഭ മനസിലാക്കുന്നത്. ആ പങ്കാളിത്തം ദൈവികപദ്ധതിയോടുള്ള വിധേയപ്പെടലാണ്. "ഇതാ കർത്താവിന്റെ ദാസി" എന്ന അവളുടെ പ്രഖ്യാപനം ദൈവിക പദ്ധതിയോടുള്ള തന്റെ വിധേയത്വം പ്രഖ്യാപിക്കലാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പ്രഖ്യാപിച്ചു: "സഭാ പിതാക്കന്മാർ മറിയത്തെ പരിഗണിക്കുന്നത് കേവലം ഒരുനിഷ്ക്രിയമായ ദൈവത്തിന്റെ ഉപകരണം പോലെയല്ല. അവൾ വിശ്വാസംകൊണ്ടും അനുസരണം കൊണ്ടും സ്വാതന്ത്ര്യത്തോടെ ദൈവത്തിന്റെ മനുഷ്യരക്ഷയുടെ പ്രവൃത്തിയിൽ സഹകരിച്ചവളാണ്." അവൾ തന്നെത്തന്നെ ദൈവഹിതത്തിന് വിട്ടുകൊടുക്കുകയും ഈശോയുടെ അമ്മയാകാൻ സഹനപൂർവ്വം സന്നദ്ധയാവുകയും ചെയ്തു. ഈ അർത്ഥത്തിലാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ "മിശിഹായുടെ രക്ഷാപദ്ധതിയോട് അവൾ സഹകരിച്ചു" എന്നു പ്രസ്താവിച്ചത്. അവളുടെ സഹായം കൊണ്ടാണ് മനുഷ്യരക്ഷ സാധ്യമായത് എന്നായിരുന്നില്ല അതിന്റെ അർഥം എന്നുമാത്രം.

പരിശുദ്ധ കന്യാമറിയത്തിന് തിരുസഭയിൽ എക്കാലത്തും വലിയ സ്ഥാനമാണുള്ളത്. ഉന്നതമായ വണക്കത്തിന് യോഗ്യയാണ് അവൾ. ആ വണക്കം ആരാധനയല്ല. ആരാധന ദൈവത്തിനു മാത്രമുള്ളതാണ്. മറിയം ദൈവമല്ല എന്നും ദൈവത്തിന് അവൾ ഒരിക്കലും തുല്യയല്ല എന്നും കത്തോലിക്കാ സഭയ്ക്ക് വ്യക്തമായി അറിയാം.

എന്നാൽ അവൾ വിശ്വാസികളുടെ അമ്മയാണ്. മാതൃത്വത്തിന്റെ തീവ്രവും പരിശുദ്ധവുമായ ഒരു ബന്ധം അവൾക്ക് വിശ്വാസ സമൂഹത്തോട് പൊതുവിലും തന്റെ പുത്രനിൽ വിശ്വസിക്കുന്ന ഓരോരുത്തരോടും ഉണ്ട്. അവൾ ഈശോയുടെ അമ്മ ആയിരിക്കുമ്പോൾ തന്നെ അവിടത്തെ ഉത്തമയായ ശിഷ്യകൂടിയാണ്. അവൾ മിശിഹായിൽനിന്ന് പഠിക്കുകയും അവയെ ഗാഢമായി ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്തു. കുരിശിന്റെ ചുവടുവരെ ഈശോയെ അനുഗമിക്കാൻ വിശ്വാസബോധ്യവും ആത്മധൈര്യവും അവൾക്കുണ്ടായിരുന്നു. പൂർണ്ണമായും മനുഷ്യസ്ത്രീയായ അവൾ തിരുസഭയുടെ ദൃശ്യമാതൃകയാണ്. മറ്റാരെയും പോലെ പാപ സാധ്യതകൾ ഉണ്ടായിരുന്നിട്ടും തനിക്കു ലഭിച്ച ഉദ്ഭവ പരിശുദ്ധിയിൽ പരിപൂർണ്ണതയോടെ അവൾ നിലനിന്നു. അക്കാരണത്താൽ അവളുടെ ജീവിതം സഭയ്ക്ക് മാതൃകയും പ്രചോദനവും ആണ്. ആത്മശരീരങ്ങളോടെ അവൾ സ്വർഗത്തിലേക്ക് സ്വീകരിക്കപ്പെട്ടെങ്കിൽ അവളെ അനുകരിക്കുന്ന സഭ മുഴുവനും അതേ സ്വർഗ പ്രവേശനത്തിന് അർഹമാണ്. അതുകൊണ്ട് തിരുസഭയിൽ മനുഷ്യരിൽ ഒന്നാം സ്ഥാനത്തു തന്നെയാണ് അവൾ.

**എന്തുകൊണ്ട് ?**

മറിയത്തെ ഇത്രമേൽ വിലമതിക്കുന്ന കത്തോലിക്കാ സഭ എന്തുകൊണ്ടാണ് എല്ലാക്കാലത്തും ഇത്തരമൊരു നിലപാടെടുക്കുന്നത് എന്നതൊരു ഗൗരവമുള്ള ചോദ്യമാണ്. മിശിഹായിലൂടെയുള്ള രക്ഷയെക്കുറിച്ചുള്ള തിരുസഭയുടെ വ്യക്തതയുള്ള ബോധ്യമാണ് ഈ നിലപാടിന് ആധാരം. ഈശോമിശിഹായാണ് ഏക രക്ഷകൻ എന്നും മിശിഹായുടെ മനുഷ്യാവതാരവും പരിത്രാണ രഹസ്യങ്ങളും ആണ് മനുഷ്യരക്ഷ സാധ്യമാക്കിയതെന്നും എല്ലാക്കാലത്തും തിരുസഭ വ്യക്തതയോടെ പ്രഖ്യാപിക്കുന്നു. മനുഷ്യരക്ഷ ദൈവത്തിന്റെ പ്രവൃത്തിയാണ്. ത്രിത്വൈക ദൈവം ഈശോമിശിഹാ വഴിയാണ് മനുഷ്യവംശത്തെ വീണ്ടെടുക്കുന്നത്. മിശിഹായിലൂടെ യാഥാർഥ്യമാക്കുകയും പൂർത്തീകരിക്കുകയും ചെയ്ത രക്ഷാകര കർമത്തിന് മറ്റ് ആരുടെയും സഹായമോ പങ്കാളിത്തമോ ആവശ്യമില്ല.അത് ദൈവത്തിന്റെ വലിയ ഔദാര്യവും സ്നേഹത്തിന്റെ

പ്രവൃത്തിയുമാണ്. 'മറിയം സഹരക്ഷകയാണ്' എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമ്മം അതിൽത്തന്ന അപൂർണമാണെന്നോ മറിയത്തിന്റെ സഹായം കൂടാതെ അത് സാധ്യമാവുകയില്ലായിരുന്നു എന്നോ കരുതപ്പെടാനുള്ള സാധ്യതയുണ്ട്.

സമാനമായി, മറിയം കൃപാവരത്തിന്റെ അമ്മയാണ് എന്നു പറയുമ്പോൾ എല്ലാ കൃപകളും മറിയത്തിൽനിന്നാണ് ഉദ്ഭവിക്കുന്നത് എന്നൊരു ധ്വനി അതിനുണ്ട്. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്. ഏകജാതനായ മിശിഹാ എല്ലാ കൃപകളും വർഷിക്കുന്നത് അവിടുന്ന് സ്ഥാപിച്ച പരിശുദ്ധ കൂദാശകളിലൂടെയാണ്. ഈ നിത്യസത്യത്തെ 'കൃപാവരത്തിന്റെ അമ്മ' എന്ന പ്രയോഗം വികലമാക്കാൻ ഇടയുണ്ട്.

ഇവയേക്കാൾ കൂടുതൽ ശ്രദ്ധയാവശ്യമുള്ള ഒരു പരാമർശമാണ് "മധ്യസ്ഥയായ മാതാവ്" എന്നത്.ദൈവത്തിനും മനുഷ്യനും ഇടയിൽ ഏക മധ്യസ്ഥനായി ഈശോമിശിഹാ മാത്രമാണുള്ളത്. മിശിഹായുടെ ഏക മധ്യസ്ഥത്തിന് സമാനമായി മാതാവിനെ അവതരിപ്പിക്കരുത് എന്നതാണ് തിരുസഭയുടെ ബോധ്യം. മാതാവിന് നമുക്കു വേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കാൻ കഴിയും എന്നതും 'അവൾ മധ്യസ്ഥയാണ്' എന്നതും ദൈവശാസ്ത്രപരമായി വലിയ വ്യത്യാസമുള്ള പരാമർശങ്ങളാണ്. ഈശോമിശിഹാ 'ഏക മധ്യസ്ഥൻ' ആയിരിക്കുന്നത് അവിടന്ന് ഒരേസമയം പൂർണ ദൈവവും പൂർണ മനുഷ്യനുമാണ് എന്നതുകൊണ്ടാണ്. ദൈവത്വത്തിന്റെയും മനുഷ്യാവസ്ഥയുടെയും മധ്യസ്ഥത പുലർത്തുന്ന മറ്റാരുമില്ല എന്നാണ് മിശിഹാ ഏക മധ്യസ്ഥൻ എന്നതിന്റെ അർഥം. എന്നാൽ മറിയവും വിശുദ്ധരും ജീവിച്ചിരിക്കുന്ന നമുക്കുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം യാചിക്കാൻ കഴിവുള്ളവരാണ് എന്നും തിരുസഭയ്ക്ക് അറിയാം. ഈ വ്യത്യാസത്തെ വ്യക്തമായി അവതരിപ്പിക്കാതെ മധ്യസ്ഥ എന്ന് മറിയത്തെ വിളിക്കുന്നത് വലിയ തെറ്റിദ്ധാരണകൾക്ക് ഇടവരുത്തുമെന്ന് കത്തോലിക്കാ സഭയ്ക്ക് നല്ല ബോധ്യമുണ്ട്.

അത്തരം സാധ്യതകളെയാണ് തിരുസഭ ഈ പ്രബോധനം വഴി ഒഴിവാക്കാൻ ശ്രമിക്കുന്നത്. ഇത്തരം ദൈവശാസ്ത്രപരമായ സൂക്ഷ്മത ഭാവിയിൽ ഉടലെടുക്കാവുന്ന അബദ്ധപ്രബോധനങ്ങളെ തടയുന്നതിനും വിശ്വാസ സംബന്ധമായ വ്യക്തത നൽകുന്നതിനും ആവശ്യമാണ്.

**അവൾ എങ്ങനെ വിളിക്കപ്പെടണം?**

സഹരക്ഷകയെന്നും കൃപാവരത്തിന്റെ അമ്മയെന്നും വിളിക്കപ്പെടരുത് എന്നു പറയുന്നതിനുവേണ്ടി മാത്രമല്ല ഈ രേഖ നൽകപ്പെട്ടിരിക്കുന്നത്. അവൾ എങ്ങനെ ശരിയായി വിളിക്കപ്പെടണം എന്ന് ഓർമിപ്പിക്കുന്നതിനുവേണ്ടിക്കൂടിയാണ്. മറിയം വിളിക്കപ്പെടേണ്ടത് വിശ്വാസികളുടെ മാതാവ് എന്നാണ്. ദൈവമായ ഈശോയ്ക്ക് ജന്മം കൊടുക്കുക വഴി അവൾ ദൈവമാതാവ് എന്നും ശരിയായ അർഥത്തിൽ വിളിക്കപ്പെടണം. അവൾ ദൈവകൃപ നിറഞ്ഞൊഴുകുന്ന നീരരുവിയാണ്. 'വിശ്വാസികളായ ജനത്തിന്റെ അമ്മ' എന്ന് അവൾ ഏറ്റവും ഉചിതമായി വിളിക്കപ്പെടണം എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് ഈ പ്രബോധന രേഖ നൽകപ്പെട്ടിരിക്കുന്നത്.

കടപ്പാട് (ദീപിക)

*വിശുദ്ധരുടെ പാതയിലൂടെ*

# വിശുദ്ധ പീറ്റർ കനിസിയൂസ് വേദപാരംഗതൻ

വിശുദ്ധ പീറ്റർ കനിസിയൂസ് അഗാധ പണ്ഡിതനും നലംതികഞ്ഞ വാഗ്മിയും പ്രഗല്ഭനായ അദ്ധ്യാപകനുമായ ഒരു ഈശോസഭാ വൈദികനായിരുന്നു. മതബോധനത്തിന്റെ വേദപാരംഗതനെന്ന് അറിയപ്പെടുന്ന അദ്ദേഹം അച്ചടിമാധ്യമത്തിന്റെയും പ്രസിദ്ധീകരണങ്ങളുടെയും സഭൈക്യത്തിന്റെയും മദ്ധ്യസ്ഥനായും കരുതപ്പെടുന്നു.

അദ്ദേഹം ഹോളണ്ടിൽ നിജ്മെജെൻ (Nijmegen)എന്ന പട്ടണത്തിൽ സമ്പന്നനായ മേയറുടെ മകനായി 1521 മെയ് 8-ാം തിയതി ജനിച്ചു. അദ്ദേഹം ഹോളണ്ടിൽ ജനിക്കുമ്പോൾ ജർമ്മനിയിൽ മാർട്ടിൻ ലൂഥർ തിരുസ്സഭ വിട്ട് പ്രൊട്ടസ്റ്റന്റ് വിപ്ലവം തുടങ്ങിയിരുന്നു. അക്കൊല്ലം തന്നെ ഈശോസഭാ സ്ഥാപകൻ വി. ഇഗ്നേഷ്യസ് ലെയോള (1491-1556) അതിനെതിരെ പ്രവർത്തന നിരതനായിക്കഴിഞ്ഞിരുന്നു. പീറ്ററിന്റെ പിതാവ് ജേക്കബ് സമർത്ഥനായ മേയറും അമ്മ അജിദിയ ഭക്തസംഘടനകളിൽ പ്രവർത്തിച്ചിരുന്ന ഒരു സഭാസ്നേഹിയും സഭാസംരക്ഷകയുമായിരുന്നു. പീറ്ററിന്റെ ബാല്യത്തിൽത്തന്നെ ആ നല്ല അമ്മ മരിച്ചുപോയി. പീറ്ററും രണ്ടു സഹോദരിമാരും അമ്മയില്ലാതെ വളർന്നു വന്നു. പിതാവ് പുനർവിവാഹം നടത്തുകയും ചെയ്തു.

പീറ്റർ 15-ാമത്തെ വയസ്സിൽ പ്രസിദ്ധമായ കൊളോൺ യൂണിവേഴ്സിറ്റിയിൽച്ചേർന്നു പഠിക്കാൻ തുടങ്ങി. തുടർന്ന് 19-ാം വയസ്സിൽ അവിടെനിന്ന് മാസ്റ്റർ ബിരുദം നേടി. അക്കൊല്ലം തന്നെ അദ്ദേഹം ബ്രഹ്മചര്യം ജീവിതവ്രതമായി എടുത്തു. മൂന്നുകൊല്ലത്തിനുശേഷം അദ്ദേഹം ഈശോസഭയിൽ ചേർന്നു. ഈശോസഭയിൽച്ചേർന്ന ആദ്യത്തെ ജർമ്മൻകാരനായിരുന്നു പീറ്റർ കനീസിയൂസ്. അദ്ദേഹം 1542-ൽ ഈശോസഭയിൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു.

കേവലം 26-ാമത്തെ വയസ്സിൽ അദ്ദേഹം ഓഗ്സ്ബുർഗിലെ കാർഡിനൽ മെത്രാന്റെ ദൈവശാസ്ത്രജ്ഞനായി ത്രെന്തോസ് സൂനഹദോസിൽ സംബന്ധിച്ചു. സൂനഹദോസു കഴിഞ്ഞ് കുറെനാൾ അദ്ദേഹം റോമിൽ വി. ഇഗ്നേഷ്യസിനോടൊപ്പം ജീവിച്ചതിനുശേഷം 1549-ൽ ഈശോസഭയുടെ വ്രതങ്ങൾ ഔദ്യോഗികമായി എടുത്ത് ഈശോസഭയിൽ സ്ഥിരമായ അംഗമായി. അക്കൊല്ലം തന്നെ അധികാരികൾ അദ്ദേഹത്തെ ആസ്ത്രിയായുടെ തലസ്ഥാനമായ വിയെന്നായിലേക്ക് അയച്ചു. അവിടുത്തെ യൂണിവേഴ്സിറ്റിയിൽ ദൈവ ശാസ്ത്രം പഠിപ്പിക്കാൻ നിയമിതനായ പീറ്റർ വിയന്നാ കത്തീഡ്രലിലും ഫെർഡിനൻസ് ഒന്നാമൻ ചക്രവർത്തിയുടെ കൊട്ടാരത്തിലും ദൈവശാസ്ത്ര പ്രഭാഷണങ്ങൾ നടത്തിയിരുന്നു. അക്കാലത്ത് വിയെന്നായിലെ കത്തോലിക്കാസഭയുടെ അവസ്ഥ പരമദയനീയമായിരുന്നു. ഇരുപതു കൊല്ലമായി അവിടെ ഒരു വൈദികൻ അഭിഷേകം ചെയ്യപ്പെട്ടിരുന്നില്ല. പല ഗ്രാമപ്രദേശങ്ങളിലെയും ദൈവാലയങ്ങൾ ഉപേക്ഷിക്കപ്പെട്ട സ്ഥിതിയിലായിരുന്നു. യഥാർത്ഥ കത്തോലിക്കാ വിശ്വാസം പുനഃസ്ഥാപിക്കാൻ അദ്ദേഹം കഠിനമായ ഒരു ശ്രമം തുടങ്ങി.

പലരും കത്തോലിക്കാവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുപോയത് അവരുടെ അറിവില്ലായ്മ കൊണ്ടാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. അദ്ദേഹം

ചില പ്രൊട്ടസ്റ്റന്റുകാരിൽ നിന്ന് വ്യത്യസ്തമായ ഒരു നിലപാടാണ് സ്വീകരിച്ചത്. പീറ്റർ കനിസിയൂസ് എല്ലാവിധ അസൂയയിൽ നിന്നും, പകയിൽനിന്നും വ്യക്തിപരമായ അധിക്ഷേപങ്ങ ളിൽനിന്നും അകന്നുമാറി സ്വതന്ത്രമായ ഒരു പ്രവർത്തന ശൈലിയാണ് സ്വീകരിച്ചുപോന്നത്. അദ്ദേഹത്തിന്റെ എളിമയും, മിതത്വവും, പക്വതയും തന്ത്രപരമായ പെരുമാറ്റങ്ങളും അദ്ദേഹത്തെ ഏറ്റവും സ്വാധീനമുള്ള 'എതിർപരിഷ്കരണവാദി' എന്ന ഉന്നത നിലയി ലേക്ക് ഉയർത്തി. അലക്സാൻഡ്രിയായിലെ വി. സിറിലിന്റെയും മഹാനായ വി. ലിയോയുടെയും അമൂല്യഗ്രന്ഥങ്ങൾ അദ്ദേഹം പുനർപ്രകാശനം ചെയ്തു. അവയെല്ലാം കത്തോലിക്കാസഭയുടെ പ്രബോധനങ്ങളുടെ അടിസ്ഥാനാവിഷ്കാരങ്ങളായിരുന്നു. ഇത്തരം ജോലികൾക്കിടയിലും അദ്ദേഹം കാരാഗൃഹവാസികളെയും രോഗികളെയും സന്ദർശിക്കാൻ സമയം കണ്ടെത്തിയിരുന്നു.

ത്രെന്തോസ് സൂനഹദോസിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടവരിൽ ഒരാളായിരുന്നു പീറ്റർ. അദ്ദേഹം പ്രതിബദ്ധതയോടെ ജർമ്മനിയിൽ മിഷൻ പ്രവർത്തന മാരംഭിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ 16 കോളേജുകളും സെമിനാരികളും സ്ഥാപിക്കപ്പെട്ടു. യൂറോപ്പിൽ ഈശോസഭയുടെ വിദ്യാഭ്യാസ സംരംഭത്തിന് ഇത് ആരംഭം കുറിച്ചു. അദ്ദേഹത്തിന്റെ കാലത്തു തന്നെ ജർമ്മനിയിൽ 40 ജസ്യൂട്ട് കോളേ ജുകൾ പ്രവർത്തനനിരതമായിരുന്നു. പീറ്റർ കനീസിയൂസിന്റെ ഉജ്ജ്വലമായ പ്രസംഗങ്ങൾ കേട്ട് അനേകർ മാനസാന്തരപ്പെട്ട് കത്തോലിക്കാസഭയിലേക്ക് തിരിച്ചുവന്നു. പാഷണ്ഡികളോട് അദ്ദേഹം സംവാദം നടത്തിയതിന്റെ ഫലമായി നിരവധിപ്പേർ തങ്ങളുടെ മാതൃ സഭയിൽ തിരിച്ചെത്തി. വളരെ സൗമ്യനായ പീറ്റർ തർക്കങ്ങൾ പരിഹരിക്കുന്നതിൽ സ്വീകാര്യനായ ഒരു മദ്ധ്യസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ കൂടെ പ്രേരണയാലാണ് ഗ്രിഗറി പതി മൂന്നാമൻ പാപ്പ വൈദിക പരിശീലനത്തിന് സെമിനാരികൾ സ്ഥാപിക്കുന്ന പദ്ധതി തുടങ്ങിയത്.

തർക്കപരിഹാരത്തിനുവേണ്ടി ശ്രമിക്കുമ്പോൾ എതിരാളികളോട് പരിഹാസമോ, നിന്ദയോ, പുച്ഛമോ, പാടില്ലെന്നും പരസ്പര ആദരവോടെ സംവാദങ്ങൾ നടത്തണമെന്നുമായി പീറ്ററിന്റെ വ്യക്തമായ കാഴ്ചപ്പാട്.

അദ്ദേഹത്തിന്റെ ഏറ്റവും വിലപ്പെട്ട സംഭാവന അദ്ദേഹം എഴുതിയുണ്ടാക്കിയ വേദോപദേശ പുസ്തകമാണ്. കുട്ടികൾക്കും, യുവജനങ്ങൾക്കും, മുതിർന്നവർക്കും വേണ്ടി അദ്ദേഹം വേദോപദേശ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അവയിലെല്ലാം അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നത് കത്തോലിക്കാ വിശ്വാസസത്യങ്ങളുടെ സമഗ്രസംഹിതയാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ പന്ത്രണ്ടു ഭാഷകളിലായി 200 പതിപ്പുകൾ ഈ പുസ്തകത്തിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്

പീറ്റർ കനീസിയൂസ് എന്ന പ്രഭാഷകൻ ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസംഗങ്ങൾ തയാറാക്കിയിരുന്നത്. അവയുടെ 12000 പേജുകൾ ഇന്നും കേടുകൂടാതെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ബൈബിൾ മുഴുവൻ അദ്ദേഹം മനഃപാഠമാക്കിവച്ചിരുന്നു. പീറ്റർ പ്രസംഗിക്കുമ്പോൾ പലപ്പോഴും ജനങ്ങൾ

മുട്ടിന്മേൽ നിന്നാണ് കേട്ടിരുന്നത്. കേട്ടുകൊ ണ്ടിരിക്കുമ്പോൾ പലരും കണ്ണീർ വീഴ്ത്താറുണ്ടായിരുന്നു. ഇതോടൊപ്പം പീറ്റർ ദിവസേന ഏഴുമണിക്കൂർ പ്രാർത്ഥിക്കുകയും പല പ്രാവശ്യം കൊന്ത ചൊല്ലുകയും ഉപവസിക്കുകയും ചെയ്തിരുന്നു. ഇവയെക്കൊയാണ് അദ്ദേഹത്തെ ഒരു അനുഗൃഹീത പ്രസംഗകനാക്കിയത്.

പാവങ്ങളോട് കരുണ കാണിച്ചിരുന്ന പീറ്റർ ആർഭാടത്തിനും ആഘോഷങ്ങൾക്കും ചിലവഴിക്കുന്ന പണം പാവങ്ങൾക്കു കൊടുക്കാൻ നിരന്തരം ഉപദേശിച്ചിരുന്നു.

തിരക്കേറിയ തന്റെ പ്രവർത്തനങ്ങൾക്കിടയിലും അദ്ദേഹം പല വിശുദ്ധരോടും കത്തുകൾ മുഖേന സമ്പർക്കങ്ങൾ പുലർത്തിയിരുന്നു. ഇങ്ങനെ ചാൾസ്ബൊറോമിയോ, ഫിലിപ്പ്നേരി, ഫ്രാൻസീസ്സാലസ് മുതലായ മഹൽ വ്യക്തികളുമായി അദ്ദേഹം ആലോചനകൾ നടത്തിയിരുന്നു. അക്കാലത്തെ മാർപ്പാപ്പായ്ക്കും, പല രാജാക്കന്മാർക്കും, നിരവധി സാധാരണക്കാർക്കും അദ്ദേഹം ഉപദേഷ്ടാവായിരുന്നു. വിശാലമായ ഭൂപ്രദേശങ്ങളിൽ മുഴുവൻ യാത്ര ചെയ്യേണ്ടത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായിരുന്നു. അതിനിടെയിലും അദ്ദേഹം കൊന്തനമസ്കാരത്തിനും സൊഡാലിറ്റികൾക്കും പ്രേരണയും പ്രചോദനവും കൊടുത്തു. നല്ല പുസ്തകങ്ങളുടെ പ്രസിദ്ധീകരണം അദ്ദേഹം പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാക്കി. അനേകം സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. അനേകം വിശ്വാസികൾ സത്യവിശ്വാസത്തിലേയ്ക്ക് തിരിച്ചു വന്ന് കത്തോലിക്കരായി ജീവിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ കുർബാനയിൽ സംബന്ധിക്കാനും അദ്ദേഹത്തിന്റെ അടുക്കൽ കുമ്പസാരിക്കാനും ജനങ്ങൾ തിങ്ങിക്കൂടി.

ജർമ്മനിയിലെ കഠിനാധ്വാനത്തിനുശേഷം 59-ാമത്തെ വയസ്സിൽ പീറ്റർ സ്വിറ്റ്സർലണ്ടിലേക്കു പോയി. പിന്നീടുള്ള 17 വർഷം അദ്ദേഹം സ്വിറ്റ്സർലണ്ടിലെ പ്രിബുർഗ്ഗിലായിരുന്നു. അവിടെ അദ്ദേഹം ഒരു യൂണിവേഴ്സിറ്റി ആരംഭിച്ചു. അദ്ദേഹത്തെ ജനങ്ങൾ കത്തോ ലിക്കാസ്വിറ്റ്സർലണ്ടിന്റെ പാത്രിയർക്കീസായി ആദരിക്കുന്നു. അതുപോലെ അദ്ദേഹം ജർമ്മനിയുടെ രണ്ടാമത്തെ അപ്പസ്തോലനായും അറിയപ്പെടുന്നു. തളരാത്ത ആത്മ വീര്യത്തോടെ കത്തോലിക്കാ വിശ്വാസത്തിനുവേണ്ടി പോരാട്ടം നടത്തിയ പീറ്റർ കനീസിയൂസ് എന്ന മുന്നണിപോരാളി 1597 ഡിസംബർ 21-ന് തന്റെ ഓട്ടം പൂർത്തിയാക്കി നിത്യ സമ്മാനത്തിനായി സ്വർഗ്ഗത്തിലേക്ക് യാത്രയായി. അന്നാണ് വിശുദ്ധന്റെ തിരുനാൾ തിരു സ്സഭ ആഘോഷിക്കുന്നത്. 1925 മെയ് 21-ന് പിയൂസ് പതിനൊന്നാമൻപാപ്പ വി. പീറ്റർ കനിസിയൂസിനെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

വിചിന്തനം: ‘‘അപരർക്ക് നാം ഉപകരിക്കണമെങ്കിൽ, നമ്മളിൽ തന്നെയുള്ള പ്രയാസങ്ങളെ നേരിട്ടുകൊണ്ടാണ്, അതു തുടങ്ങേണ്ടത്. മറ്റുള്ളവരെ പ്രകാശിപ്പിക്കാനുള്ള അഗ്നി സ്വന്തം വീട്ടിൽ ആദ്യം ജ്വലിപ്പിക്കണം’’ (വി. ഇഗ്നേഷ്യസ് ലെയോള).

# ബൈബിൾ ക്വിസ്സ്




3

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 3 ചോദ്യങ്ങൾ

**വി. യോഹന്നാൻ 7-9 അദ്ധ്യായങ്ങൾ**

1. യേശുവിനെ ക്രിസ്തു എന്ന് ആരെങ്കിലും പരസ്യമായി ഏറ്റു പറഞ്ഞാൽ അവനെ എവിടെ നിന്നു പുറത്താക്കണമെന്നാണ് യഹൂദർ തീരുമാനിച്ചിരുന്നത് ?
2. നിങ്ങളും അവന്റെ ശിഷ്യരാകാൻ ഇച്ഛിക്കുന്നുവോ ? ആര് ആരോട് ചോദിച്ചു.
3. "ദൈവത്തെ ആരാധിക്കുകയും അവന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം ശ്രവിക്കുന്നു." അദ്ധ്യായം ? വാക്യം ?
4. ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നു. അതുകൊണ്ട് നിങ്ങളിൽ പാപം നിലനിൽക്കുന്നു. യേശു ഇതു പറഞ്ഞത് ആരോടാണ് ?
5. അവനെക്കണ്ടപ്പോൾ യേശു ചോദിച്ചു ............. നീ വിശ്വസിക്കുന്നുവോ ?
6. ഓരോരുത്തരും സ്വന്തം വീടുകളിലേക്കു പോയി. യേശു എങ്ങോട്ടാണ് പോയത് ?
7. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് ആരെല്ലാം ?
8. ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. ദേവാലയത്തിന്റെ ഏതു ഭാഗത്തു വച്ചാണ് യേശു ഇങ്ങനെ പറഞ്ഞത് ?
9. പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. .......എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല.
10. പിതാവായ അബ്രഹാം എന്തു പ്രതീക്ഷയിലാണ് ആനന്ദിച്ചത് ?
11. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രഹാം ഉണ്ടാകുന്നതിനു മുൻപ് ഞാൻ ഉണ്ട്". അദ്ധ്യായം ? വാക്യം ?
12. യൂദയായിൽ സഞ്ചരിക്കാൻ യേശു ഇഷ്ടപ്പെട്ടില്ല കാരണം എന്ത് ?
13. ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത് ? ഇതു പറഞ്ഞവർ എവിടെ താമസിക്കുന്നവരായിരുന്നു ?
14. ഇവൻ തന്നെയാണ് ക്രിസ്തുവെന്ന് ഒരു പക്ഷേ ............. അറിഞ്ഞിരിക്കുമോ ?
15. ഒരുവനു പറയാനുള്ളത് കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ ? ചോദ്യം ആരുടേത് ?
16. സഖറിയ എന്ന പേരിന്റെ അർത്ഥം എന്ത് ?

17. വിശുദ്ധ ഗ്രന്ഥത്തിൽ ഏറ്റവും അധികം തവണ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത് ?
18. ........... നിന്നുള്ള പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു ഗാനമാണ് മറിയത്തെ ആദ്യമായി സഹരക്ഷക എന്നു വിളിച്ചത് ?
19. ഈശോ സഭയിൽ ചേർന്ന ആദ്യത്തെ ജർമൻകാരൻ ആരായിരുന്നു. ?
20. വൈദിക പരിശീലനത്തിന് സെമിനാരികൾ സ്ഥാപിക്കുന്ന പദ്ധതി തുടങ്ങിയത് ഏത് മാർപാപ്പയുടെ കാലത്താണ്.

## ബൈബിൾ ക്വിസ് - 2 ശരിയുത്തരങ്ങൾ

1. സിക്കാർ
2. യാക്കോബിന്റെ
3. രാജസേവകന്റെ മകനെ സുഖപ്പെടുത്തിയത്
4. ആത്മാവിലും, സത്യത്തിലും
5. ഏഴാം മണിക്കൂറിൽ
6. ബേത്സഥാ
7. നിത്യജീവൻ
8. യേശു, പീലിപ്പോസിനോട്
9. വി. യോഹ 6-ാം അദ്ധ്യായം 65-ാം വാക്യം
10. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക
11. തനിയെ മലമുകളിലേക്ക് പിൻമാറി
12. പിതാവിന്റെ ഇഷ്ടം
13. സിനഗോറിൽ വച്ച് പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ
14. വചനം
15. രണ്ടുദിവസം
16. അപ്പസ്തോലന്മാരും പ്രവാചകരും ദൈവജനവും
17. യേശുവിലുള്ള വിശ്വാസവും സഭയോടുള്ള കൂട്ടായ്മയും
18. നാലു വൈദികർ, രണ്ടു വൈദികരും രണ്ട് ഡീക്കൻമാരും
19. സ്വർഗ്ഗത്തിലേക്കുള്ള എന്റെ ഹൈവേ
20. മാത്യൂസ് വിയന്ന

## ബൈബിൾ ക്വിസ് - 2

### ആകെ പങ്കെടുത്തവർ 15 ശരിയുത്തരമെഴുതിയവർ 14

1. തങ്കച്ചൻ ചേരിയിൽ
2. എൽസി ടോമി മാറാമറ്റത്തിൽ
3. ജിജി രാജേഷ് പൊന്നുംപുരയിടം
4. മേരി ജോർജ്ജ് മണ്ണൂർ
5. ലിസമ്മ ഐപ്പ് കല്ലിങ്കൽ
6. എലിസബത്ത് ജോൺ മഞ്ചേരിൽ
7. മോളി ജോൺ പാലാക്കാരൻ
8. അൻജു ടിന്റോ തിരുതാളിൽ
9. ബെറ്റി ഷാജി പുത്തൻപുരയ്ക്കൽ
10. ബിനി ബെന്നി ആടുകുഴിയിൽ
11. മറിയക്കുട്ടി ഉലഹന്നാൻ ചെറുപറമ്പിൽ
12. വൽസ സിറിയക് സ്രായിൽ
13. ലിസി സ്റ്റാൻലി പ്ലാക്കീൽ
14. ലിൻസി ബിജു ചുണ്ടങ്ങായിൽ

## ബൈബിൾ ക്വിസ് 2 സമ്മാനാർഹർ

1. ബെറ്റി ഷാജി പുത്തൻപുരയ്ക്കൽ
2. തങ്കച്ചൻ ചേരിയിൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1
### നിർമ്മല മാതാ

- മാത്യു കാക്കനാട്ട്
- വിമല പുത്തൻകുടിയിൽ
- ആൻസി കുരിശുംമൂട്ടിൽ
- എൽസി മാറാമറ്റത്തിൽ
- ഏലിയാമ്മ പുത്തൻകുടിയിൽ
- സിബി പുത്തൻകുടിയിൽ
- അമൽ പുത്തൻകുടിയിൽ
- എബി പനയേലിൽ

### വാർഡ് 2
### സെന്റ് ജോസഫ്

- ആന്റണി കണ്ടനാട്ട്
- നിഷ കണിയാംപുറം
- ജോവാന ബിനോയി മാടശ്ശേരിൽ
- ആൻഡ്രൂസ് നടുത്തോട്ടത്തിൽ
- എബിൻ വടക്കേക്കര
- റിയ ജോബിൻ നടുത്തോട്ടത്തിൽ
- ജേക്കബ് ജോസഫ് പുൽത്തകിടിയേൽ

### വാർഡ് 3
### സെന്റ് മേരീസ്

- ജോർജ്ജ് തെക്കുംപുറത്ത്
- ടോണി തെക്കുംപുറത്ത്
- ജോയി വെണ്ടർമ്യാലിൽ
- ബേബി മണ്ണത്തൂക്കാരൻ
- നിഷാൽ വാഴയിൽ
- മെറിൻ മണ്ണത്തൂക്കാരൻ
- കുക്കു ജിയോ വറങ്ങലക്കുടിയിൽ
- ലിയോ വറങ്ങലക്കുടിയിൽ
- അനീറ്റ പൊന്നിൻ പുരയിടം
- ജെയിംസ് നായ്ക്കംപറമ്പിൽ
- ജോൺ അജോഷ് മഞ്ചേരിൽ
- ജോർജ്ജ് ജെ. മാത്യു മഠത്തിൽ
- വിമൽ വെണ്ടർമ്യാലിൽ

### വാർഡ് 4
### ഹോളി ഫാമിലി

- ഫ്രാൻസിസ് കണ്ണിക്കാട്ട്
- ബെന്നി തട്ടാംപറമ്പിൽ
- രാജീവ് ഞൂഴുമുറിയിൽ
- കെവിൻ ഞൂഴുമുറിയിൽ
- ജോർജ്ജ് ചെട്ടിശ്ശേരിൽ
- ജോവിന ജോയ്സ് മുണ്ടക്കൽ
- ബീന ജിബു നടാംകുഴി

വാർഡ് 5

## സെന്റ് ജോർജ്ജ്

- ബീന മാറാച്ചേരിൽ
- ലിൻസി പൂനാട്ട്
- ജിയോ പോൾ മടേയ്ക്കൽ
- ബീന നടാംകുഴിയിൽ
- വിമല തച്ചിൽ
- രാജു മെതിപ്പാറയിൽ
- റ്റിന്റോ തിരുതാളിൽ
- ജിയോ നെല്ലിപ്പിള്ളിൽ
- ബേബി മെതിപ്പാറയിൽ
- ആൻമരിയ നടാംകുഴിയിൽ
- ഷോളി പൂനാട്ട്

വാർഡ് 6

## സെന്റ് ഫ്രാൻസീസ്

- അനിത കാരിക്കാപറമ്പിൽ
- ജെസി കാരിക്കാപറമ്പിൽ
- ജോൺ കെ. പ്രിൻസ് കൊമ്പനാതോട്ടം.
- ജോൺ കൊമ്പനാതോട്ടം
- തെരേസ് സിബി കാട്ടുകുടിയിൽ
- മനു കൊച്ചുവീട്ടിൽ
- ആൻമരിയ കാട്ടുകുടിയിൽ
- അബ്രാഹാം കാട്ടുകുടിയിൽ
- ഷീന തണ്ടുംപുറത്ത്
- മോനി പൂനാട്ട്

വാർഡ് 7

## സെന്റ് പീറ്റർ

- ക്രിസ്നോയൽ ഇരമംഗലത്ത്
- സാം തെക്കേക്കുന്നേൽ
- ജോണി നടുത്തോട്ടത്തിൽ
- മെറിൻ കല്ലുങ്കൽ
- ജേക്കബ്ബ് കൊണ്ടാട്ടുപറമ്പിൽ
- ഷോൺ നെടുങ്ങാട്ട്
- ജെസി തോട്ടുമാരിയ്ക്കൽ
- ത്രേസ്യാമ്മ മൂത്തേടൻ
- ജോർജി മടേക്കുന്നേൽ
- ഇവ സിസിലി മാത്യൂസ് നെടുങ്ങാട്ട്

## വാർഡ് 8
## സെന്റ് അഗസ്റ്റിൻ

- സജിനി പുത്തൻകുടിയിൽ
- ഷാബിൻ പുത്തൻകുടിയിൽ
- ബിജു കൊല്ലായിക്കുടിയിൽ
- മേരി നെല്ലിപ്പിള്ളിൽ
- ക്ലീറ്റസ് നെല്ലിപ്പിള്ളിൽ
- ടൈറ്റസ് നെല്ലിപ്പിള്ളിൽ
- ഹെബ്രോൺ ജിതിൻ പുത്തൻകുടിയിൽ
- ഷാരു ജിതിൻ പുത്തൻകുടിയിൽ
- ജിബിൻ കാളാംപറമ്പിൽ
- ബെൽജി കാളാംപറമ്പിൽ
- ജോഷ പുത്തൻകുടിയിൽ
- ബിനോയി ചുണ്ടങ്ങായിൽ
- ത്രേസ്യ ചെറാകുളങ്ങര
- നയന ജിജി കാട്ടുകുടിയിൽ
- ഹെറോൺ ജിതിൻ പുത്തൻകുടിയിൽ

## വാർഡ് 9
## ഫാത്തിമ മാതാ

- മേരികണ്ണാടൻ
- ത്രേസ്യാമ്മ പൂവത്തുംകുടി
- ജോസഫ് പുതിയാപറമ്പിൽ
- ഷിജോ പുതിയാപറമ്പിൽ
- ജോസ്മി കണമ്പിള്ളിൽ
- പോൾവിൻ താണിമാറ്റം
- വിൻസി കണംപിള്ളിൽ

## വാർഡ് 10
## ക്രിസ്തുരാജ്

- അലൻ കടപ്ലാക്കൽ
- ആർദ്ര മരിയ പ്രിൻസ് പാലാക്കാരൻ

# വിവാഹവാർഷികം

### വാർഡ് 1
## നിർമ്മല മാതാ

- സേവ്യർ & ജെനി, ഇഞ്ചക്കപ്പറമ്പിൽ
- ജോമി & ജിഷ, കുരിശുംമൂട്ടിൽ
- എമ്മാനുവൽ & റോസിലി പനയോലിൽ

### വാർഡ് 2
## സെന്റ് ജോസഫ്

- കുഞ്ചറിയ & ജിഷ, പഞ്ഞിക്കാരൻ
- തോമസ് & മോളി, കുരികയിൽ

### വാർഡ് 3
## സെന്റ് മേരീസ്

- രാജേഷ് & ജിജി, പൊന്നുംപുരയിടം

### വാർഡ് 4
## ഹോളി ഫാമിലി

- അനിൽ & മിന്റു കണ്ണിക്കാട്ട്

### വാർഡ് 5
## സെന്റ് ജോർജ്ജ്

- ജോണി & ജോളിയമ്മ കക്കാട്ടിൽ
- സാജു & ബീന മാറച്ചേരിൽ
- സജി & അനീറ്റ മെതിപ്പാറ

### വാർഡ് 6
## സെന്റ് ഫ്രാൻസിസ്

- സെബാസ്റ്റ്യൻ & ജെസി കാരിക്കപറമ്പിൽ
- ജോസ് & റോസ് ചുണ്ടങ്ങയിൽ
- ജോമി & മോനി പൂനാട്ട്

### വാർഡ് 7
## സെന്റ് പീറ്റർ

- മനു & മഞ്ജു നടുവിലേക്കുറ്റ്
- ജോസഫ് & ഗ്രേസി മുഞ്ഞേലി

### വാർഡ് 8
## സെന്റ് അഗസ്റ്റിൻ

- ഷാജി & മോളി മുണ്ടങ്ങാട്ട്
- മേജോ & ഐവി വാഴയിൽ

### വാർഡ് 9
## ഫാത്തിമ മാതാ

- ജോർജ്ജ് & മേരി മണ്ണൂർ
- ജെയിംസ് & അനു കരക്കൊഴുപ്പിൽ
- തോമസ് & ഷെറിൻ കൂറ്റപ്പിള്ളിൽ

### വാർഡ് 10
## ക്രിസ്തുരാജ്

Nil

# ദൈവാലയ വായനകൾ

## 2025 ഡിസംബർ

## മംഗളവാർത്തക്കാലം

1 തി **ഇരുപത്തഞ്ച് നോമ്പാരംഭം**
റോമാ 4:1-12
മത്താ 7:21-27

2 ചൊ റോമാ 4:13-21
യോഹ 1:1-8

3 ബു കൊളോ 1:24-29
യോഹ 5:31-36
**വിശുദ്ധ ഫ്രാൻസിസ് സേവ്യർ**
നിയ 26:16-19
ഏശ 45:20-24
2 കോറി 6:3-10
മർക്കോ 6:7-13

4 വ്യാ റോമാ 9:30-33
ലൂക്കാ 1:21-25

5 വെ **ആദ്യവെള്ളി**
യാക്കോ 1:22-27
മത്താ 5:1-12

6 ശ 1 യോഹ 4:7-12
യോഹ 3:16-21
**വി. അംബ്രോസ്**
നിയ 7:1-11
പ്രഭാ 15:1-6
2 തിമോ 4:1-8
ലൂക്കാ 14:25-33

7 ഞാ ഉത്പ 3:8-24
ജറെ 33:14-26
വെളി 5:1-5
ലൂക്കാ 1:26-38

8 തി റോമാ 1:1-7
മത്താ 22:41-46
**പരിശുദ്ധ കന്യാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ**
പ്രഭാ 24:1-14
ഏശ 7:10-16
ഹെബ്രാ 1:1-3 +2:16-18
ലൂക്കാ 1:46-55

9 ചൊ എഫേ 3:1-13
ലൂക്കാ 1:39-45

10 ബു എഫേ 3:14-21
ലൂക്കാ 1:46-56

11 വ്യാ 1 യോഹ 5:13-20
ലൂക്കാ 1:67-75

12 വെ റോമാ 12:9-21
ലൂക്കാ 6:27-36

13 ശ കൊളോ 1:12-19
യോഹ 8:48-58
**കുരിശിന്റെ വിശുദ്ധ യോഹന്നാൻ**
1 കോറി 2:1-10
ലൂക്കാ 14:25-33

14 ഞാ ഉത്പ 21:1-12
ഏശ 40:1-11
1 കോറി 1:26-31
ലൂക്കാ 1:57-66

15 തി എഫേ 1:3-14
ലൂക്കാ 1:67, 76-80

16 ചൊ 2 കോറി 3:1-11
മത്താ 11:7-15

17 ബു 1 പത്രോ 2:1-10
മർക്കോ 3:31-35

18 വ്യാ 1 കോറി 10:23-33
ലൂക്കാ 7:30-35
**മൈലാപ്പൂരിലെ അത്ഭുതസ്ലീവ**
പുറ 17:4-6
ശ്ലീഹ 2:29-36
എഫേ 2:14-22
യോഹ 14:1-6

19 വെ റോമാ 2:1-9
ലൂക്കാ 6:37-42

20 ശ ഗലാ 4:12-20
യോഹ 3:22-30

21 ഞാ പുറ 34:1-9
സഖ 2:7-13
വെളി 21:1-7
മത്താ 1:18-25

22 തി ഗലാ 3:15-20
യോഹ 7:37-42
23 ചൊ തീത്തോ 2:11-3:2
ലൂക്കാ 2:1-5
24 ബു റോമാ 9:1-5
മർക്കോ 6:1-6

**പിറവിക്കാലം**

25 വ്യാ **നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ**
കടമുള്ള ദിവസം
ഏശ 7:10-16, 9:1-3, 6-7
മിക്ക 4:1-3, 5:2-5, 8-9
ഗലാ 3:15-4:6
ലൂക്കാ 2:1-20
26 വെ ഹെബ്രാ 1:1-4
യോഹ 1:14-18

**വിശുദ്ധ എസ്തപ്പാനോസ്**
ശ്ലീഹ 6:8-10, 7:54-59
മത്താ 10:16-22
27 ശ 1 കോറി 1:4-9
ലൂക്കാ 2:36-40

**വിശുദ്ധ യോഹന്നാൻ ശ്ലീഹ**
പുറ 33:12-23
പ്രഭാ 15:1-6
റോമാ 8:35-39
യോഹ 21:20-24
28 ഞാ ഉത്പ 18:1-8
ഏശ 11:1-12
റോമാ 15:7-13
മത്താ 2:1-12

**കുഞ്ഞിപ്പൈതങ്ങൾ**
(ശിശുദിനം)
ഉത്പ 4:3-8
ജറെ 31:15-17
ഹെബ്രാ 11:32-38
മത്താ 2:13-18
29 തി ഹെബ്രാ 11:23-28
മത്താ 2:13-18
30 ചൊ റോമാ 8:14-17
മത്താ 2:19-23
31 ബു റോമാ 8:31-39
ലൂക്കാ 2:25-35

## ക്രിസ്മസ് പ്രോഗ്രാം

| | | | |
|---|---|---|---|
| **24.12.2025** | **ബുധൻ** | : | **ക്രിസ്മസ് കരോൾ** (വാർഡ് അടിസ്ഥാനത്തിൽ) |
| 11.45 PM | | : | **പിറവിയുടെ തിരുക്കർമ്മങ്ങൾ, വി.കുർബ്ബാന** |
| **25.12.2025** | **വ്യാഴം** | | |
| 6.00 AM | | : | **വി.കുർബ്ബാന** |
| 8.00 AM | | : | **വി.കുർബ്ബാന** |

| വിശുദ്ധ ഗ്രന്ഥവായനകൾ | | | |
|---|---|---|---|
| തീയതി | സമയം | പഴയനിയമം | ലേഖനം |
| 07.12.2025 | 5.30 am | ജയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | ജിംസി ഊട്ടുകുളത്തിൽ |
| 14.12.2025 | 5.30 am | ജോസ് തലയ്ക്കൽ | ജോർജ്ജ് തെക്കുംപുറം |
| | 7.00 am | ഏലിയാമ്മ പുത്തൻകുടിയിൽ | തങ്കച്ചൻ ചേരിയിൽ |
| 21.12.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | സെലിൻ കണ്ണിക്കാട്ട് |
| 25.12.2025 | 12.00 am | 1.ജോൺസൺ വെണ്ടർമ്യാലിൽ<br>2.ജോസ് വെണ്ടർമ്യാലിൽ | 3.ജയിംസ് വടക്കേൽ |
| | 6.30 am | തങ്കച്ചൻ ചേരിയിൽ | ജോർജ്ജ് നടുക്കുടിയിൽ |
| 28.12.2025 | 5.30 am | ജോസ് തലയ്ക്കൽ | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | മാത്യു ഊട്ടുകുളം | തങ്കച്ചൻ ചേരിയിൽ |
| 04.01.2026 | 5.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | ജോർജ്ജ് നടുക്കുടിയിൽ | റോസ്മി ചെറായിൽ |

## സ്നേഹ സ്മരണയ്ക്ക്

22-12-2025

**7-ാം ചരമവാർഷികം**




**ലീലാമ്മ പോൾ കല്ലുങ്കൽ**

## സ്നേഹ സ്മരണയ്ക്ക്

7-12-2025

8-ാം ചരമവാർഷികം



**പാപ്പച്ചൻ**

**തെങ്ങുംപിള്ളിൽ**

## സ്നേഹ സ്മരണയ്ക്ക്

18-12-2025

7-ാം ചരമവാർഷികം



**ജോസഫ് കണ്ണാടൻ**

## സ്നേഹ സ്മരണയ്ക്ക്

16-12-2025

12-ാം ചരമവാർഷികം



**അന്നക്കുട്ടി ജോസഫ്**

വെണ്ടർമ്യാലിൽ

## സ്നേഹ സ്മരണയ്ക്ക്

12-12-2025

1-ാം ചരമവാർഷികം



**ജോർഡി വി.വി.**

വറങ്ങലക്കുടിയിൽ

## സ്നേഹ സ്മരണയ്ക്ക്

16-12-2025

14-ാം ചരമവാർഷികം




**വി.സി. വർക്കി**

**വറങ്ങലക്കുടിയിൽ**

## സ്നേഹ സ്മരണയ്ക്ക്

13-12-2025

34-ാം ചരമവാർഷികം



**വി.എം. ജോൺ**

**വയലിൽ**

## സ്നേഹ സ്മരണയ്ക്ക് 26.12.2025

3-ാം ചരമവാർഷികം



**കെ.എം. ജോണച്ചൻ**

**കുമ്പളംചുവട്ടിൽ**


## സ്നേഹ സ്മരണയ്ക്ക് 27.12.2025

7-ാം ചരമവാർഷികം



**കെ.ഒ. പത്രോസ്**

**പുതുശ്ശേരി**



വിശുദ്ധ പീറ്റർ കനിസിയൂസ് വേദപാരംഗതൻ